പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1660 — 14.12.2012 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിൽ ഇ-ഗവണൻസ് സംവിധാനം

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. പാലോട് രവി
ശ്രീ. എ.റ്റി. ജോർജ്ജ്
ശ്രീ. ഹൈബി ഈഡൻ

**ഉത്തരം**

ഡോ: എം. കെ. മുനീർ
(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

എ) പഞ്ചായത്തുകളിൽ ഇ-ഗവണൻസ് സംവിധാനം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

എ) പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്താലും നിർദ്ദേശങ്ങളാലും ആണ് കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. മിക്ക പഞ്ചായത്തുകളിലും നെറ്റ് വർക്കിംഗ് (യു.പി.എസ് & ബ്രോഡ്ബാന്റ്) സംവിധാനം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി സേവന സിവിൽ രജിസ്ട്രേഷൻ & പെൻഷൻ, സുലേഖ - പദ്ധതിയുമായി ബന്ധപ്പെട്ടത്, സൂചിക (ഫ്രണ്ട് ഓഫീസ് സംവിധാനം), സാംഖ്യ - അക്കൗണ്ടിംഗ് സ്ഥാപന - എസ്റ്റാബ്ലിഷ്മെന്റ് സഞ്ചയ ബിൽഡിംഗ് ടാക്സ് - തുടങ്ങിയ ഇൻഫർ മേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ പഞ്ചായത്തുകളിൽ മുഴുവനായോ ഭാഗികമായോ വിന്യസിച്ച് ജീവനക്കാർക്ക്പരിശീലനം നൽകി പ്രവർത്തിക്കുന്നുണ്ട്. മൊത്തം പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകൾ വാങ്ങി ഇ-ഗവേണൻസ് പ്രവൃത്തികൾ നടന്നു വരുന്നു.

ബി) ഇതിനു വേണ്ടി പഞ്ചായത്തുകളിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

ബി) ഉണ്ട്. പഞ്ചായത്തുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇൻഫർമേഷൻ കേരള മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് തനതു ഫണ്ടോ, ജനറൽ പർപ്പസ് ഫണ്ടോ, വികസന ഫണ്ടോ ഉപയോഗിച്ച് വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളുടെ സാങ്കേതിക സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഇൻഫർമേഷൻ കേരള മിഷൻ, കെൽട്രോൺ എന്നിവയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) വിവര സാങ്കേതിക സംവേദന വിദ്യയുടെ ഉപയോഗത്തിലൂടെ പൊതുജനങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ സുതാര്യവും സത്വരവുമായി ലഭിക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ ഒരുക്കപ്പെടുന്നതാണ്. ജനന-മരണ സർട്ടിഫിക്കറ്റുകൾ വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കുന്നതിനും പൊതു വിവാഹ രജിസ്ട്രേഷനുകൾക്ക് അപേക്ഷ ഇ-ഫയലിംഗായി നൽകുന്നതിനും, വസ്തു നികുതി ഇ-പേയ്മെന്റായും പോസ്റ്റ് ഓഫീസ് വഴിയും അടക്കുന്നതിനും പഞ്ചായത്താഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി SMS ലൂടെയും വെബ് സൈറ്റിലൂടെയും അറിയുന്നതിനും കെട്ടിട നിർമ്മാണത്തിനുള്ള അനുമതി അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനും പദ്ധതി നിർവ്വഹണ വിവരങ്ങൾ വെബ്സൈറ്റിലൂടെ അറിയുന്നതിനും ജനങ്ങൾക്ക് സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ